"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പത്തനംതിട്ട ജില്ലയിലെ നിരണം വില്ലേജിലെ റീസർവ്വേ നമ്പർ 444/2 ൽ സ്ഥിതി ചെയ്യുന്ന നിരണം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ സി ) വകുപ്പ്**

**സ.ഉ.(സാധാ) നം.1185/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/06/2020

---

പരാമർശം:- 1 ജി. ഒ. (പി) നം. 102/2017/ഫിൻ തീയതി:07/08/2017

2 22-1-2019 ലെ 1(1) ലെ ഭരണ സമിതി തീരുമാനം

3 പഞ്ചായത്ത് ഡയറക്ടറുടെ 21/3/2019,19/6/2019 തീയതികളിലെ PAN/3034/2019-C7(DP) നമ്പർ കത്തുകൾ

4 ജി. ഒ. (പി) നം. 111/2019/ഫിൻ തീയതി:21/08/2019

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ നിരണം വില്ലേജിലെ റീസർവ്വേ നമ്പർ 444/2 ൽ സ്ഥിതി ചെയ്യുന്ന നിരണം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം കാലപ്പഴക്കം മൂലം ജീർണ്ണിച്ച് അപകടാവസ്ഥയിലായതിനാൽ ആയത് പൊളിച്ച് മാറ്റുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിയ്ക്കായി നിരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിച്ചിരുന്നു.

ടി കെട്ടിടത്തിന് 50 വർഷത്തിലധികം പഴക്കമുള്ളതായും വെള്ളക്കെട്ട് മൂലം ബലക്ഷയം സംഭവിച്ചതായും പല ഭാഗങ്ങളും പൊട്ടലുകൾ വീണ് അപകടാവസ്ഥയിലായതിനാൽ ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമല്ല എന്നും എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ നിരണം വില്ലേജിലെ റീസർവ്വേ നമ്പർ 444/2 ൽ സ്ഥിതി ചെയ്യുന്ന നിരണം ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവുകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ നിരണം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മദീന ബീഗം. എ**

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നിരണം ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള

റവന്യൂ വകുപ്പ്/ധന വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്,തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ( വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്

കരുതൽ ഫയൽ (ആർസി1/42/2019/തസ്വഭവ) /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ